
# പൂവ് ചിരിച്ചു

## വായനാ കാർഡുകളും
## വർക്ക് ഷീറ്റുകളും

## ക്ലാസ്: 1
## സെറ്റ് - 1



പി. ജ്യോതി.റിട്ട. ടീച്ചർ.
കൃഷ്ണ
എ.എൽ.പി.എസ്.അലനല്ലൂർ.



# ഒരു കുരുവി
# ചെറു കുരുവി
# കുരുവി വന്നു
# തേൻ കുടിച്ചു
# കുരുവി പറന്നു.

പി. ജ്യോതി.റിട്ട. ടീച്ചർ.

# വായിക്കാം



ഒരു ചെടി
ചെറു ചെടി
പൂ തരും
കാ തരും
പറവകൾ വന്ന്
തേൻ കുടിക്കും.

പി. ജ്യോതി.റിട്ട. ടീച്ചർ.

# വായിക്കാം.



ഒരു ചെടി
ചെറു ചെടി
പൂ തരും
കാ  തരും
പഴം തരും
പറവകൾ വരും
പഴം തിന്നും
പാറി പോകും.

പി. ജ്യോതി.റിട്ട. ടീച്ചർ.



കുരുവി വന്നു
പാറി വന്നു
കുരുവി ചിരിച്ചു
പൂവ് ചിരിച്ചു.
കുരുവി പറന്നു.



പൂവിലിരുന്നു കുരുവി
തേൻ കുടിച്ചു കുരുവി
പൂവ് ചിരിച്ചു ലാലാലാ
കുരുവി പാടി ലാ ലാ ലാ



വാഴ



വവ്വാൽ

വാഴ കുലച്ചു.
തേൻ കുടിക്കാൻ
വവ്വാൽ വന്നു.
കുല പഴുത്തു .
വവ്വാൽ പറന്നു വന്നു.
പഴം തിന്നു.

പി. ജ്യോതി.റിട്ട. ടീച്ചർ.



## തത്ത വരുന്നു.

തത്ത വരുന്നു.
തത്ത വരുന്നു.
തത്തിത്തത്തി
തത്ത വരുന്നു.
പഴം തിന്നാൻ
തത്ത വരുന്നു.

പി ജ്യോതി.റിട്ട. ടീച്ചർ
കൃഷ്ണ എ.എൽ.പി.എസ്
അലനല്ലൂർ.

# പാടാം രസിക്കാം

ആ ആ ആലിൻ ചോട്ടിൽ
ആഹാ ആനക്കൊമ്പൻ

ആ ആ ആട്ടിൻ കൂട്ടിൽ
ആഹാ ആട്ടിൻകുട്ടി

ആ ആ ആറ്റിൻകരയിൽ
ആഹാ ആമക്കുട്ടൻ

ആ ആ ആമ്പൽപ്പുഴയിൽ
ആഹാ ആമ്പൽപ്പൂക്കൾ

# വായിക്കാം.

ആറൻമുളയിൽ പൂരം
ആതിരയ്ക്ക് ആനന്ദം
ആറാട്ടിന് ആരംഭം
ആളുകൾ എത്തി.
ആർപ്പ് വിളിച്ചു.
ആനകൾ നിരന്നു.
ആറാട്ട് കേമം
ആന വിരണ്ടു.
ആളുകൾ ഓടി.
ആണ്ടവൻ വന്നു.
ആനയെ തളച്ചു.
ആന ആലസ്യത്തിലായി.

പി. ജ്യോതി.റിട്ട. ടീച്ചർ


## പാടാം...... രസിക്കാം

**ആന വരുന്നുണ്ടാന**
**ആലിൻ ചോട്ടിലൊരാന**
**ആമ വരുന്നുണ്ടാമ**
**ആറ്റിൻ കരയിലൊരാമ**

**ആ ആന ആറാട്ട്**
**ആറാട്ടാന എഴുന്നള്ളത്ത്**
**ആ ആന ആറാന**
**ആ ആട് ആകാശം**
**ആകാശത്തൂടാടോടി**
**ആ ആട് ഏതാട്?**
**ആ ആട് വെൺമേഘം**


പി. ജ്യോതി.റിട്ട. ടീച്ചർ
കൃഷ്ണ എ.എൽ.പി.എസ്.അലനല്ലൂർ.

## എത്ര പദങ്ങൾ?




പി. ജ്യോതി.റിട്ട. ടീച്ചർ

# എത്ര പദങ്ങൾ?





പി. ജ്യോതി
അലനല്ലൂർ




വെള്ള നിറത്തിൽ മുല്ലപ്പൂ

മഞ്ഞ നിറത്തിൽ ജമന്തിപ്പൂ.

നീല നിറത്തിൽ കാക്കപ്പൂ.

ചേലേറുന്നൊരു ആമ്പൽപ്പൂ .

പലതരമിങ്ങനെ പൂക്കൾ
കാണാൻ നല്ല രസമാണേ .


ആ ആ ആന
കറുകറുത്ത ആന
തുമ്പിക്കയ്യുള്ള ആന
നാലുകാലുള്ള ആന
വമ്പൻ ചെവിയൻ ആന
ആന നല്ല ആന
പി ജ്യോതി.റിട്ട. ടീച്ചർ
കൃഷ്ണ എ.എൽ.പി.
എസ്.അലനല്ലൂർ.

# വരച്ചു ചേർക്കാം




വെള്ള




നീല




ചുവപ്പ്




ഓറഞ്ച്




മഞ്ഞ

അറ തുറന്നു അമ്മ
അരി എടുത്തു അമ്മ
അരി പൊടിച്ചു അമ്മ.
പൊടി വറുത്തു അമ്മ
പൊടി കുഴച്ചു അമ്മ
അട പരത്തി അമ്മ
അട ചുട്ടു അമ്മ.
അട തിന്നു അമ്മു.
അടയ്ക്കെന്തൊരു സ്വാദ്!

ജ്യോതി.റിട്ട. ടീച്ചർ.
കൃഷ്ണ എ.എൽ.പി.സ്കൂൾ
അലനല്ലൂർ.

# വരികൾ ചേർക്കാം.

പൂ പൂ തെച്ചിപ്പൂ
പൂ പൂ മല്ലികപ്പൂ

______________________

______________________

______ ______ ______

______ ______ ______

______ ______ ______

കൂടുതൽ പൂക്കളുടെ പേർ ചേർത്ത് എഴുതൂ.

ജ്യോതി.അലനല്ലൂർ





# ചുവന്ന നിറത്തിലെ പൂക്കൾ

തെച്ചി
ചെമ്പരത്തി
പനിനീർപ്പൂവ്
കൃഷ്ണകിരീടം
രാജമല്ലി










# വെള്ളനിറത്തിലുള്ള പൂക്കൾ



മുല്ല
തുമ്പ
പാരിജാതം
നന്ത്യാർവട്ടം
പാലപ്പൂവ്
പിച്ചിപ്പൂവ്
മന്ദാരം
നിശാഗന്ധി







# നീലനിറത്തിലുള്ള പൂക്കൾ



## കാക്കപ്പൂവ്

## ശംഖുപുഷ്പം


## നീലക്കോളാമ്പി

## നീലത്താമര






# വെള്ളനിറമുള്ള പൂക്കൾ




തുമ്പ




മുല്ല



പാല




ആമ്പൽ




പാരിജാതം



മന്ദാരം



പവിഴമല്ലി



നിശാഗന്ധി

# വരികൾ ചേർക്കാം

കൂടയിലുണ്ടേ മഞ്ഞപ്പൂ
മഞ്ഞപ്പൂവതു കോളാമ്പി
കൂടയിലുണ്ടേ വെള്ളപ്പൂ
വെള്ളപ്പൂവതു തുമ്പപ്പൂ
കൂടയിലുണ്ടേ മഞ്ഞപ്പൂ
........................... മത്തപ്പൂ.
കൂടയിലുണ്ടേ വെള്ളപ്പൂ
..........................................
........................... ചുവന്നപൂ
..........................................
..........................................
..........................................

# വായിക്കാം..... എഴുതാം






പൂക്കൾ പലതരം.
പൂക്കൾക്ക് പല നിറം.
പൂക്കൾക്ക് പല വലിപ്പം.








# മഞ്ഞ നിറത്തിലുള്ള പൂക്കൾ

കണിക്കൊന്ന
സൂര്യകാന്തി
ചെണ്ടുമല്ലി
മുക്കുറ്റി
മഞ്ഞക്കോളാമ്പി
മത്തൻപ്പൂവ്
കമ്മൽപ്പൂവ്







ചെമ്പരത്തി.

ചുവന്ന ചെമ്പരത്തി.

വലിയ പൂവ്.

മണം ഇല്ല

ചെടിയിൽ ഉണ്ടാകും.

കമ്പ് നട്ട് ഉണ്ടാക്കാം.

അഞ്ച് ഇതളുകൾ

ഇതു പോലെ നിങ്ങൾക്ക് ഇഷ്ടപ്പെട്ട പൂവിനെക്കുറിച്ച് എഴുതൂ.

# വായിക്കാം.... എഴുതാം





പഴങ്ങൾ പലതരം.
പഴങ്ങൾ പല വലിപ്പം.
പഴങ്ങൾക്ക് പല നിറം
പഴങ്ങൾ പല
ആകൃതിയിൽ
പഴങ്ങൾക്ക് പല രുചി.
പഴങ്ങൾക്ക് നല്ല സ്വാദ്



പി ജ്യോതി .റിട്ട. ടീച്ചർ
കൃഷ്ണ എ.എൽ.പി.എസ്.അലനല്ലൂർ


# പഴങ്ങൾ









ആപ്പിൾ

കൂടുതൽ പഴങ്ങളുടെ
പേർ കണ്ടെത്തി
എഴുതൂ.

നോട്ടുപുസ്തകത്തിൽ
പഴങ്ങളുടെ ചിത്രം വരച്ച്
പേരെഴുതൂ

പഴങ്ങളുടെ ചിത്രങ്ങൾ
ശേഖരിച്ച് ഒട്ടിച്ച്
മനോഹരമായ ഒരു
ആൽബം നിർമിക്കൂ.

## പറയാം എഴുതാം




നിങ്ങൾക്കിഷ്ടമുള്ള
ഒരു പഴത്തിന്റെ
ചിത്രം വരച്ച്
അതിനെക്കുറിച്ച്
എഴുതൂ.

## വരികൾ ചേർത്ത് എഴുതൂ.

പഴം പഴം വാഴപ്പഴം
പഴം പഴം ഓറഞ്ച് പഴം
പഴം പഴം ചക്കപ്പഴം

__ __ ______ _____ _____

___ ___ ___________

_____ _____ __________

_____ _____ __________



# പൂർത്തിയാക്കാം.

| മണത്തറിഞ്ഞ പഴങ്ങൾ | രുചിച്ചറിഞ്ഞ പഴങ്ങൾ | കണ്ടറിഞ്ഞ പഴങ്ങൾ | തൊട്ടറിഞ്ഞ പഴങ്ങൾ |
|---|---|---|---|
| | | | |

പന- പനി
പട-പടി
തറ -തറി
കറ- കറി
അട- അടി
വര-വരി
അര - അരി
വട - വടി
കള - കളി

# മ

| | |
|---|---|
| മല | മടി |
| മറ | മുള |
| മന | മിനി |
| മട | മീര |
| മാല | മൂന്ന് |
| മാവ് | മുതല |
| മാൻ | മുയൽ |
| മാനം | മണിയൻ |


# ക്ക

ബക്കറ്റ്
അക്കരെ
ഇക്കരെ
എനിക്ക്
പുഴക്കര
പുള്ളിക്കുട
മുക്കുവൻ
വഴക്ക്


ക്ക വരുന്ന കൂടുതൽ പദങ്ങൾ കണ്ടെത്തൂ.
എഴുതൂ

ജ്യോതി

# ചക്കയും കാക്കയും



കാക്കക്ക് വിശന്നു.
കാക്ക പാറി വന്നു.
പ്ലാവിൽ ഇരുന്നു.
പ്ലാവിൽ നിറയെ ചക്കകൾ
വലിയ ചക്കകൾ.
ചെറിയ ചക്കകൾ.
പഴുത്ത ചക്കകൾ



കാക്ക ചക്ക തിന്നു.
കാക്ക പാറിപ്പോയി.

ജ്യോതി .പി .

ചിത്രങ്ങൾക്ക് പകരം വാക്കുകൾ ചേർത്ത് കവിത പൂർത്തിയാക്കൂ.

ആ  ഈ 

 യിൽ പോകാം

 നിറയെ 

 നിറയെ 

ചന്തമുള്ള 

പി. ജ്യോതി.റിട്ട. ടീച്ചർ.

# വായിക്കാം എഴുതാം


മഴ
മ മഴ
മ മ മഴ മഴ
മ മ മ മഴ മഴ മഴ
മ മ മ മ മഴ മഴ മഴ മഴ
മ മ മ മ മ മഴ മഴ മഴ
മഴ മഴ
ജ്യോതി

# തരം തിരിച്ചെഴുതാം.

## പൂക്കൾ

| ചുവപ്പ് | നീല | മഞ്ഞ | വെള്ള |
|---|---|---|---|
| | | | |

# തരം തിരിക്കാം

| ഒറ്റയായി പൂക്കുന്നവർ | കുലയായി പൂക്കുന്നവർ |
| --- | --- |
| | |

| വലിയ ഇതളുകളുള്ളവർ | ചെറിയ ഇതളുകളുള്ളവർ |
| --- | --- |
| | |

| മാല കെട്ടാൻ എടുക്കുന്നവർ | തലയിൽ ചൂടാൻ എടുക്കുന്നവർ |
| --- | --- |
| | |

| മണമുള്ളവർ | മണമില്ലാത്തവർ |
| --- | --- |
| | |


# വരികൾ ചേർത്ത് പാടാം

നീലനിറത്തിൽ കാക്കപ്പൂ 

മഞ്ഞനിറത്തിൽ ജമന്തിപ്പൂ 


വെള്ളനിറത്തിൽ മുല്ലപ്പൂ 

ചേലേറുന്നൊരു ആമ്പൽപ്പൂ 

.............................. 

.............................. 

.............................. 

.............................. 







ആ എന്ന അക്ഷരം വരുന്ന കൂടുതൽ പദങ്ങൾ കണ്ടെത്തി എഴുതൂ

മഴ മഴ മഴ മഴ

ചാറ്റൽ മഴ

മഴ മഴ മഴ മഴ

വലിയ മഴ

മഴ മഴ മഴ മഴ

പെരുമഴ



മഴക്കാറ് എത്തി.



മഴ ചാറി



മഴ മഴ ഇടിമഴ
പെരുമഴ വന്നു.

# വരികൾ ചേർത്ത് എഴുതൂ.

പഴം പഴം വാഴപ്പഴം
പഴം പഴം ഓറഞ്ച് പഴം
പഴം പഴം ചക്കപ്പഴം

